LIBRARY ARCHIVES Kerala Legislative Assembly

കെൽട്രോണിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

15 [2787] ശ്രീ. തോമസ് ചാഴികാടൻ :
,, കെ. നാരായണക്കുറുപ്പ് :
,, റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെൽട്രോണിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ;

(ബി) ടെൻഡറുകളിൽ പങ്കെടുക്കാനാവാതെ കെൽട്രോണിന്റെ പ്രവർത്തന തടസ്സം മാറ്റുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെൽട്രോണിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി സർക്കാർ ഒരു പുനരുദ്ധാരണ പദ്ധതി അംഗീകരിക്കുകയും അതനുസരിച്ച് താഴെ പറയുന്ന കാര്യങ്ങൾ നടപ്പാക്കിവരികയുമാണ്.

ദേശീയ ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകേണ്ടിയിരുന്ന ബാദ്ധ്യതകൾ ഒറ്റത്തവണ തീർപ്പാക്കൽ വഴി തീർപ്പാക്കി. പിയർലെസ്സ് ജനറൽ ഫിനാൻസ് ആന്റ് ഇൻവെസ്റ്റ്മെന്റ് കമ്പനിക്ക് നൽകേണ്ടിയിരുന്ന കുടിശ്ശിക തവണവ്യവസ്ഥയിൽ തീർപ്പാക്കി വരുന്നു. കെൽട്രോണിന് കിട്ടിക്കൊണ്ടിരുന്ന ഓർഡറുകൾ നടപ്പാക്കാൻ, കേരളാ ഇൻഡസ്ട്രിയൽ റിവൈറ്റലൈസേഷൻ ഫണ്ട് ബോർഡിൽ നിന്നും പ്രവർത്തന മൂലധനം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു.

(ബി) കെൽട്രോണിന്റെ സഞ്ചിത നഷ്ടം നിക്ഷേപ മൂലധനത്തേക്കാൾ അധികരിച്ചതുകൊണ്ട് പല കമ്പനികളുടേയും ടെൻഡറുകളിൽ പങ്കെടുക്കുന്നതിനുള്ള നിബന്ധനകൾ പാലിക്കുവാൻ കഴിഞ്ഞിട്ടില്ല. പുനരുദ്ധാരണ പദ്ധതികൾ പൂർത്തിയാക്കുമ്പോൾ തടസ്സം മാറിക്കിട്ടും.

മലബാറിലെ സ്വർണ്ണനിക്ഷേപം ഉള്ള സ്ഥലങ്ങൾ

16 [2788] ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വർണ്ണം ലഭിക്കുന്ന സ്ഥലങ്ങൾ മലബാറിന്റെ ഏതെല്ലാം ഭാഗങ്ങളിലാണ്;

(ബി) അടിയന്തിരമായി ഇവിടെ ഖനനം ആരംഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;